സഹകരണ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

83 (7919) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം കോഴ്സുകളാണ് ഈ സ്ഥാപനങ്ങളിൽ നടത്തുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ 78 സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ സഹകരണ മേഖലയിൽ സംസ്ഥാന സഹകരണ യൂണിയനു കീഴിൽ 13 സഹകരണ പരിശീലന കോളേജുകളും (എച്ച്.ഡി.സി.) 10 സഹകരണ പരിശീല കേന്ദ്രങ്ങളും (ജെ.ഡി.സി.) മാനേജ്മെന്റ് പഠനത്തിനായി കിക്മ എന്ന സ്ഥാപനവും പ്രവർത്തിക്കുന്നു. കൂടാതെ സർക്കാരിലെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേപ്പിന്റെ കീഴിൽ 8 എഞ്ചിനീയറിംഗ് കോളേജുകളും ഒരു എം.ബി.എ. കോളേജും ഒരു ഫിനിഷിംഗ് സ്കൂളും പ്രവർത്തിച്ചുവരുന്നു.

(ബി) സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് മറ്റ് സ്ഥാപനങ്ങളിലെ ഫീസിനെക്കാൾ കുറവാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസിൽ ഇളവ് നൽകുന്നുണ്ട്. കൂടാതെ എസ്സി./എസ്റ്റി. വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ചില സ്ഥാപനങ്ങൾ 50% ഫീസ് ഇളവും നൽകുന്നുണ്ട്. എസ്സി./എസ്റ്റി., ഒ.ബി.സി. ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് സർക്കാരിന്റെ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവയും ഭൂരിഭാഗം സ്ഥാപനങ്ങളും ലഭ്യമാക്കി നൽകുന്നുണ്ട്. കൂടാതെ കെ.പി.സി.ആർ. സ്കോളർഷിപ്പും മറ്റ് സ്കോളർഷിപ്പുകളും നൽകി വരുന്നു. കേപ്പിലെ വിദ്യാർത്ഥികൾക്ക് മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ്, സെക്കൂർ സ്കോളർഷിപ്പ് കെ.പി.സി.ആർ. സ്കോളർഷിപ്പ്, ട്യൂഷൻ ഫീ വേവർ സ്കീം, എസ്.സി./എസ്.റ്റി., ഒ.ഇ.സി. വിഭാഗങ്ങൾക്ക് ട്യൂഷൻ ഫീസ് ഇളവ്, ഒറ്റ പെൺകുട്ടികൾക്കുള്ള ആനുകൂല്യം, ഹിഷർമാൻ സ്കോളർഷിപ്പ്, കെട്ടിട നിർമ്മാണം, തയ്യൽ, കയർ, കശുവണ്ടി മേഖലകളിൽ ജോലി ചെയ്യുന്നവരുടെ മക്കൾക്കായുള്ള ക്ഷേമനിധിയും അനുവദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൈമറി ക്ലാസ്സുകളും പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളും വിവിധ ആർട്സ് വിഷയങ്ങളിലെ ബാച്ചിലർ ഡിഗ്രി കോഴ്സുകളും ബി.കോം, ബി.എസ്.സി. കോഴ്സുകളും ബിരുദാനന്തര ബിരുദ കോഴ്സുകളും നടത്തിവരുന്നു. കൂടാതെ ബി.ബി.എ., എം.ബി.എ. കോഴ്സുകളും നടത്തുന്നുണ്ട്. സഹകരണ നഴ്സിംഗ് കോളേജുകളിൽ ജനറൽ നഴ്സിംഗ്-മിഡ്വൈഫറി കോഴ്സുകളും ബി.എസ്.സി. നഴ്സിംഗ് കോഴ്സുകളും നടത്തുന്നു. വിവിധ പാരാമെഡിക്കൽ കോഴ്സുകളും എൻ.സി.വി.റ്റി.യുടെ കോഴ്സുകളും കമ്പ്യൂട്ടർ കോഴ്സുകളും സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തി വരുന്നു. കൂടാതെ ബി.ടെക്., എം.ടെക് കോഴ്സുകളും നടത്തുന്നുണ്ട്. സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ എച്ച്.ഡി.സി., ബി.എം. കോഴ്സും, ജെ.ഡി.സി. കോഴ്സും 'കിക്മ'യിൽ എം.ബി.എ. കോഴ്സും നടത്തുന്നു. കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ ബി.ടെക്, എം.ടെക്, എം.സി.എ. കോഴ്സുകളും പുന്നപ്രയിൽ പ്രവർത്തിക്കുന്ന ഫിനിഷിംഗ് സ്കൂളിൽ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വിവിധതരം ട്രെയിനിംഗുകളും നൽകിവരുന്നു.

മിഷൻ 676-ന്റെ ഭാഗമായുള്ള പദ്ധതികൾ

84 (7920) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ന്റെ ഭാഗമായി സഹകരണ വകുപ്പ് ഓരോ പദ്ധതിക്കും വേണ്ടി നീക്കിവച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) 50 പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ പദ്ധതിയിൻകീഴിൽ 2014-15-ലെ ബഡ്ജറ്റിൽ സംസ്ഥാന പദ്ധതിയിൽ എത്ര തുക വകകൊള്ളിച്ചിട്ടുണ്ടെന്നും എൻ.സി.ഡി.സി.-യിൽ എത്ര തുക വകകൊള്ളിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) 50 സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) മിഷൻ 676-ന്റെ ഭാഗമായി സഹകരണ വകുപ്പ് ഓരോ പദ്ധതിക്കും വേണ്ടി പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതിന് സംഘങ്ങൾ ചെലവഴിക്കുന്ന തുകയ്ക്കു പുറമേ ഇതിനായി സഹകരണ വകുപ്പിന്റെ പദ്ധതിയിനത്തിൽ മാറ്റിവയ്ക്കുന്ന വിഹിതത്തിൽ നിന്നുകൂടി തുക കണ്ടെത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly